Madhyamam 12-11-18, P-4

# ആദ്യ അഗ്രോപാർക്ക് കണ്ണാറ വാഴപ്പഴ ഗവേഷണ കേന്ദ്രത്തിൽ –മന്ത്രി

● ഡിസംബർ 27മുതൽ 30വരെ തേക്കിൻകാട് മൈതാനിയിൽ ശിൽപശാല

**തൃശൂർ:** തേൻ, വാഴപ്പഴം എന്നിവയുടെ സംസ്കരണം ലക്ഷ്യമിട്ട് കേരളത്തിലെ ആദ്യ അഗ്രോപാർക്ക് തൃശൂരിലെ കണ്ണാറ വാഴപ്പഴ ഗവേഷണകേന്ദ്രത്തിൽ തുടങ്ങാൻ അനുമതി ലഭിച്ചതായി കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ. കാർഷികോൽപന്ന സംസ്കരണം-മൂല്യ വർധന ലക്ഷ്യമിട്ടുള്ള വൈഗ-അന്താരാഷ്ട്ര ശിൽപശാലയുടെയും ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ നടക്കുന്ന കൃഷി ഉന്നതി മേളയുടേയും സ്വാഗതസംഘം രൂപവത്കരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാർഷികോൽപാദകരെ കർഷക സംരംഭകരാക്കിമാറ്റുക എന്നതാണ് ശിൽപശാലയുടെ ലക്ഷ്യം. പഴം- പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ എന്നീ മൂന്ന് വിഷയങ്ങളെ ആസ്പദമാക്കിയാണ് വൈഗ സംഘടിപ്പിക്കുന്നത്. കാർഷിക-അനുബന്ധമേഖലകളിലെ വിഷയങ്ങളെ ആസ്പദമാക്കി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൻെറ കൃഷി ഉന്നതി മേളയും നടക്കും. ഹോളണ്ട് ഉൾപ്പെടെ പല വിദേശരാജ്യങ്ങളിലെ പ്രതിനിധികളും പങ്കെടുക്കും.

നാളികേരത്തിൻെറ സമഗ്ര വികസനത്തിനായി രൂപവത്കരിക്കുവാൻ തീരുമാനിച്ചിട്ടുള്ള കോക്കനട്ട് മിഷൻ, ചെറുധാന്യങ്ങളുടെ ഉൽപന്ന സംസ്കരണത്തിനുള്ള അട്ടപ്പാടി മില്ലേറ്റ് വില്ലേജ് പദ്ധതി, ഹണി മിഷൻ തുടങ്ങിയവ കഴിഞ്ഞ ശിൽപശാലയുടെ ഫലമായി നടപ്പാക്കുവാൻ കഴിഞ്ഞ പ്രവർത്തനങ്ങളാണെന്നും മന്ത്രി പറഞ്ഞു.

എം.എൽ.എമാരായ കെ. രാജൻ, ഇ.ടി. ടൈസൺ, കെ.വി. അബ്ദുൽഖാദർ, ഗീതാഗോപി എന്നിവർ പങ്കെടുത്തു. മേയർ അജിത ജയരാജൻ അധ്യക്ഷത വഹിച്ചു. ഡിസംബർ 27മുതൽ 30വരെ തേക്കിൻകാട് മൈതാനിയിലാണ് ശിൽപശാല.

മുഖ്യരക്ഷാധികാരി മുഖ്യമന്ത്രിയും ചെയർമാൻ മന്ത്രി വി.എസ്. സുനിൽകുമാറുമാണ്.